(ബി) വിവിധ ഡിപ്പാർട്ടുമെന്റുകളിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസമാണ് കാരണം.

(സി) ഇലക്ട്രീഷ്യൻ, പ്ലംബർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകളാണ് തിരുവമ്പാടിയിലെ പുതിയ ഐ.ടി.ഐ. യിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഐ.ടി.ഐ. ഈ വർഷം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഐ.ടി.ഐ.-കളിലെ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ്

85 (4141) ശ്രീ. സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഐ.ടി.ഐ. കളിലാണ് എച്ച്.എസ്.ഐ. കോഴ്സ് നടത്തുന്നത് ; ഇതിന് NCVT അംഗീകാരം ലഭിച്ചിട്ടുണ്ടോ ; HSI കോഴ്സ് പൂർത്തിയാക്കിയിട്ടുള്ള എത്രപേർ ഉണ്ട് എന്ന് അറിയിക്കുമോ ;

(ബി) HSI കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നേടുന്നതിന് നിലവിൽ സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ട് ; സംവിധാനം ഒരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) HSI കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് ഏതെങ്കിലും സർക്കാർ തസ്തികകളിലേക്ക് അപേക്ഷ നൽകാൻ സാധിക്കുമോ ;

(ഡി) LSGD, മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ സാനിട്ടറി വർക്കർ/ഇൻസ്പെക്ടർ തസ്തികകളിലേക്ക് HSI കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് അപേക്ഷിക്കുവാൻ കഴിയുമോ ;

(ഇ) പട്ടികജാതി/വർഗ്ഗ വികസന വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിലവിലുള്ള സമാനസ്വഭാവമുള്ള തസ്തികകളിലേക്ക് HSI കോഴ്സ് പാസ്സായിട്ടുള്ളവർക്ക് അപേക്ഷിക്കുവാൻ കഴിയുമോ ; ഇല്ലെങ്കിൽ എന്തു കൊണ്ട് ;

(എഫ്) ഇത്തരം വകുപ്പുകളിൽ നിലവിലുള്ള സ്പെഷ്യൽ റൂളുകളിൽ HSI കോഴ്സുകാരെകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജി) HSI കോഴ്സ് പി.എസ്.സി.അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 6 ഐ.ടി.ഐ.കളിൽ എച്ച്.എസ്.ഐ. കോഴ്സ് നടത്തുന്നു. ടി 6 ഐ.ടി.ഐ. കളിൽ, 3 ഐ.ടി.ഐ.കളിൽ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡിന് എൻ.സി.വി.റ്റി. അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ള 267 പേർ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എച്ച്.എസ്.ഐ. കോഴ്സ് പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നേടുന്നതിന് നിലവിൽ സംവിധാനമില്ല. ന്യൂഡൽഹിയിലെ ഡയറക്ടറേറ്റ് ജനറൽ ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് അംഗീകരിച്ചിട്ടുള്ള ട്രേഡുകളുടെ ലിസ്റ്റിൽ ഈ ട്രേഡ് ഉൾപ്പെടുന്നില്ല. ഡയറക്ടർ ജനറൽ ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗുമായി ബന്ധപ്പെട്ട് പ്രസ്തുത ട്രേഡിൽ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) ഇല്ല. എച്ച്.എസ്.ഐ. കോഴ്സ് നിയമന യോഗ്യതയായി പരിഗണിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ) ഇല്ല. പട്ടികജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പ് കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലെ സമാന സ്വഭാവമുള്ള തസ്തികകളിലേക്ക് പരിഗണിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ സ്പെഷ്യൽ റൂളുകൾ അതിന് അനുയോജ്യമായ തരത്തിൽ പരിഷ്ക്കരിക്കേണ്ടതുണ്ട്.

(എഫ്) പട്ടിജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡിലെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.റ്റി.സി) സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ്.റ്റി.സി) യോഗ്യതയാക്കാവുന്ന തസ്തികകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ട വകുപ്പുകളിൽ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് എൻ.റ്റി.സി/എസ്.റ്റി.സി. നേടിയിട്ടുള്ളവരെക്കൂടി പരിഗണിക്കത്തക്ക വിധത്തിൽ ആ വകുപ്പുകളിലെ സ്പെഷ്യൽ റൂളുകൾ പരിഷ്ക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കാനായി ബന്ധപ്പെട്ട വകുപ്പ് തലവൻമാർക്ക് ട്രെയിനിംഗ് ഡയറക്ടർ കത്ത് അയച്ചിട്ടുണ്ട്.

(ജി) എച്ച്.എസ്.ഐ. കോഴ്സിന് പി.എസ്.സി.യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യുടെ വികസനം

86 (4142) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ തൊഴിൽ സാധ്യതകൾക്കനുസൃതമായ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ ഏതൊക്കെ കോഴ്സുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഐടി.ഐ.കളിൽ ഇപ്പോൾ നടത്തിവരുന്ന കോഴ്സുകൾ തൊഴിൽ സാധ്യതയുള്ളവയാണ്. മാറിയ സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly